REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ബിഹാറിലെ ഗയയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് അമൃത് ഭാരത് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു. 13,000 കോടി രൂപയുടെ പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കമിടും.**
- **BJP സംസ്ഥാന നേതൃയോഗം ആഭ്യന്തരമന്ത്രി അമിത് ഷാ അല്പസമയത്തിനകം കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.**
- **പൊതുസ്ഥലങ്ങളിൽ തെരുവ് നായകൾക്ക് ഭക്ഷണം നൽകുന്നത് നിയമവിരുദ്ധമാണെന്ന് സുപ്രീം കോടതി വിധി**
- **സംസ്ഥാന ഗവൺമെന്റ് രണ്ടു ഗഡു ക്ഷേമ പെൻഷൻ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.**
- **കോഴിക്കോട് ചികിത്സയിൽ കഴിയുന്ന രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു.**
- **ഡ്യൂറണ്ട് കപ്പ് ട്രോഫി ഫുട്ബാൾ ഫൈനൽ നാളെ. ഡയമണ്ട് ഹാർബർ FCയും നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FCയും ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

ബിഹാർ സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഗയയിൽ രണ്ട് അമൃത് ഭാരത് എക്സ്പ്രസുകൾ ഫ്ലാഗ് ഓഫ് ചെയ്തു. ഗയ-ഡൽഹി റൂട്ടിലാണ് ഒരു സർവീസ്. വൈശാലിക്കും കൊഡേർമ്മയ്ക്കുമിടയിലാണ് ബുദ്ധിസ്റ്റ് സർക്യൂട്ട് ട്രെയിൻ സർവീസ് നടത്തുന്നത്. ബിഹാറിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടുകയും പൂർത്തിയായവ നാടിന് സമർപ്പിക്കുകയും ചെയ്യും.

ഗംഗാ നദിക്ക് കുറുകെ രണ്ട് കിലോമീറ്റർ നീളത്തിൽ നിർമിച്ച ആന്റ - സിമാരിയ ആറു വരി പാലമാണ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന വൻ പദ്ധതികളിലൊന്ന്. തുടർന്ന് അദ്ദേഹം പശ്ചിമ ബംഗാളിലേക്ക് പോകും. കൊൽക്കത്തയിൽ 5200 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും.

✪✪✪

പുതിയ ഗെയിമിംഗ് ബിൽ പാർലമെന്റ് പാസാക്കിയതോടെ നിരവധി റിയൽമണി ഗെയിമിംഗ് കമ്പനികൾ ഓൺലൈനിൽ പണം ഈടാക്കുന്ന ഗെയിമുകൾ നിർത്തിവെച്ചു തുടങ്ങി. ഡ്രീം സ്പോർട്സ്, ഗെയിംസ് ക്രാഫ്റ്റ്, മൊബൈൽ പ്രീമിയർ ലീഗ്, സുപീ, തുടങ്ങിയ കമ്പനികളാണ് പ്രൊമോഷൻ ആന്റ് റെഗുലേഷൻ ഓഫ് ഓൺലൈൻ ഗെയിമിംഗ് ബിൽ 2025 പാസാക്കിയതോടെ ഗെയിമുകൾ നിർത്തി വെച്ചത്.

സാമ്പത്തിക ലാഭം ഉണ്ടാക്കാമെന്നോ, പ്രത്യേക വൈദഗ്ധ്യം ഇല്ലാതെ തന്നെ സമ്മാനം ലഭിക്കുമെന്നും പ്രലോഭിപ്പിക്കുന്ന ഓൺലൈൻ ഗെയിമുകൾ വർദ്ധിക്കുന്ന സാഹചര്യത്തിലാണ് കേന്ദ്രഗവൺമെന്റ് പുതിയ ബിൽ കൊണ്ടുവന്നത്. ഇടപാടുകാരിൽ ആസക്തിയും സാമ്പത്തിക -മാനസിക പ്രയാസങ്ങളും കുറ്റകൃത്യങ്ങൾക്ക് പ്രേരണയും ഓൺലൈൻ ഗെയിമുകൾ സൃഷ്ടിക്കുന്നതായി ബോധ്യപ്പെട്ടതിനെ തുടർന്നാണ് ഗവൺമെന്റ് ബിൽ അവതരിപ്പിച്ചത്.

✪✪✪

പാർലമെന്റ് പാസാക്കിയ ഓൺലൈൻ ഗെയിമിംങ് ബിൽ ഇന്ത്യയെ ഗെയിമിങ്ങിന്റെയും, കണ്ടെത്തലിന്റെയും, പുതിയ സൃഷ്ടികളുടേയും കേന്ദ്രമാക്കി മാറ്റാൻ ഗവൺമെന്റ് പുലർത്തുന്ന പ്രതിബദ്ധതയ്ക്ക് തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഗവൺമെന്റ് E-സ്പോർട്സിനെയും, ഓൺലൈൻ സോഷ്യൽ ഗെയിമുകളേയും പ്രോത്സാഹിപ്പിക്കും. ഓൺലൈനിലൂടെ പണം തട്ടുന്ന ഗെയിമുകളിൽ നിന്ന് സമൂഹത്തെ ബിൽ രക്ഷിക്കുമെന്നും നരേന്ദ്രമോദി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിലെ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടത്തും. സെപ്തംബർ ഒമ്പതിനാണ് വോട്ടെടുപ്പ്. NDA സ്ഥാനാർത്ഥിയായി CP രാധാകൃഷ്ണനും INDI സഖ്യം സ്ഥാനാർത്ഥിയായി B സുദർശൻ റെഡ്ഡിയുമാണ് മത്സരിക്കുന്നത്.

CP രാധാകൃഷ്ണനെ രാവിലെ കേന്ദ്രമന്ത്രിമാരും BJP എം പിമാരുമടങ്ങിയ സംഘം സന്ദർശിച്ച് വിജയാശംസകൾ നേർന്നു. കേന്ദ്രമന്ത്രിമാരായ പ്രൽഹാദ് ജോഷി, മനോഹർ ലാൽ, അർജ്ജുൻ റാം മേഘ്വാൾ, ഹർഷ് മൽഹോത്ര എന്നിവരും വടക്കൻ സംസ്ഥാനങ്ങളിലെ MP മാരുമാണ് രാവിലെ നേരിൽ കണ്ടത്.

✪✪✪

ഇന്ത്യയുടെ മനുഷ്യ - ബഹിരാകാശ ദൗത്യമായ ഗഗൻയാൻ ഈ വർഷം ഡിസംബറിൽ വ്യോം മിത്ര റോബോട്ടുമായി ആദ്യ പരീക്ഷണ യാത്ര നടത്തുമെന്ന് ISRO ചെയർമാൻ V നാരായണൻ അറിയിച്ചു. ഗഗൻയാൻ ഇതുവരെ 7,700 പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെന്നും ശേഷിക്കുന്ന 2300 പരീക്ഷണങ്ങൾ അടുത്ത വർഷം മാർച്ചോടെ പൂർത്തിയാകുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

ആക്സിയം ദൗത്യത്തിന്റെ സുരക്ഷിതമായ വിക്ഷേപണം ഉറപ്പാക്കുന്നതിൽ ISRO യുടെ സാങ്കേതി വൈദഗ്ധ്യം നിർണായക പങ്കാണ് വഹിച്ചതെന്നും V നാരായണൻ വ്യക്തമാക്കി.

✪✪✪

കേരളത്തിൽ വരും ദിവസങ്ങളിൽ ജനങ്ങൾ വികസനത്തിന്റെ പാത തെരഞ്ഞെടുക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ. കൊച്ചിയിലെ സ്വകാര്യ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അമിത് ഷാ. BJP ഭരിക്കുന്നത് ഭരണഘടനയെ അടിസ്ഥാനമാക്കിയാണ്. കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് കേന്ദ്രം പൂർണ സംരക്ഷണം നൽകുമെന്നും അദ്ദേഹം പറഞ്ഞു. വോട്ടുകൊള്ളയെന്ന കോൺഗ്രസ് ആരോപണം നിഷേധിച്ച അമിത് ഷാ ആരോപണങ്ങൾക്കൊണ്ട് മാത്രം ബിഹാറിൽ ആർക്കും ജയിക്കാനാവില്ലെന്നും അഭിപ്രായപ്പെട്ടു.

അല്പ സമയത്തിനകം BJP സംസ്ഥാന നേതൃയോഗം അമിത് ഷാ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. പാലാരിവട്ടത്ത് റിനൈ കൊച്ചിയിലെ നേതൃയോഗത്തിൽ BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അധ്യക്ഷനായിരിക്കും. തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ അമിത് ഷാ വിലയിരുത്തും. കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ്ജ് കുര്യൻ, മുൻ സംസ്ഥാന ഭാരവാഹികൾ, ജില്ലാ പ്രസിഡന്റുമാർ തുടങ്ങിയവർ നേതൃയോഗത്തിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റ് രണ്ടു ഗഡു ക്ഷേമ പെൻഷൻ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണ ഭോക്താക്കൾക്കായി 1,679 കോടി രൂപയാണ് അനുവദിച്ച തെന്ന് മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

62 ലക്ഷത്തോളം പേർക്കാണ് ഓണത്തിന് 3,200 രൂപവീതം ലഭിക്കുന്നത്. ആഗസ്തിലെ പെൻഷന് പുറമെ ഒരു ഗഡു കുടിശിക കൂടി ഇതോടൊപ്പം നാളെ മുതൽ ഗുണ ഭോക്താക്കൾക്ക് വിതരണം ചെയ്യും.

26ലക്ഷത്തി 62,000 പേരുടെ ബാങ്ക് അക്കൗണ്ടിൽ തുക നേരിട്ടെത്തും. ശേഷിക്കുന്നവർക്ക് സഹകരണ ബാങ്കുകൾ വഴി പെൻഷൻ കൈമാറും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഓണാഘോഷ പരിപാടികളുടെ ഭാഗമായി ഫെസ്റ്റിവൽ ഓഫീസ് തുറന്നു. ടൂറിസം ഡയറക്ടറേറ്റിൽ മന്ത്രിമാരായ V. ശിവൻകുട്ടി, PA. മുഹമ്മദ് റിയാസ്, GR അനിൽ എന്നിവർ ചേർന്ന് ഫെസ്റ്റിവൽ ഓഫീസിന്റെ ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ ഓണാഘോഷ പരിപാടികളുടെ ലോഗോ മന്ത്രി V ശിവൻകുട്ടി, മന്ത്രി GR അനിലിന് നൽകി പ്രകാശനം ചെയ്തു.

ടൂറിസം ഡയറക്ടറേറ്റ് വളപ്പിൽ കെട്ടിയ ഊഞ്ഞാലിൽ ആടി മന്ത്രി PA മുഹമ്മദ് റിയാസ് ഓണത്തിന്റെ വരവറിയിച്ചു. ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഓണാഘോഷ പരിപാടികൾക്ക് അടുത്ത മാസം 3ന് തുടക്കമാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31ന് രാവിലെ 11 മണിക്ക് ആകാശവാണിയിലും ദൂരദർശനിലും. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

✪✪✪

പൊതുസ്ഥലങ്ങളിൽ തെരുവ് നായകൾക്ക് ഭക്ഷണം നൽകുന്നത് നിയമവിരുദ്ധമാണെന്ന് സുപ്രീം കോടതി വിധിച്ചു. അധികാരികൾ അനുവദിക്കുന്ന പ്രത്യേക സ്ഥലങ്ങളിൽ മാത്രമേ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകാവൂ എന്നും കോടതി നിർദ്ദേശിച്ചു. നിർദ്ദേശം ലംഘിക്കുന്നവർക്കെതിരെ നിയമപ്രകാരം നടപടിയെടുക്കുമെന്നും സുപ്രീം കോടതി അറിയിച്ചു.

ഡൽഹി-എൻസിആറിലെ തെരുവ് നായ്ക്കളെ സംരക്ഷണ കേന്ദ്രങ്ങളിലേക്ക് മാറ്റാൻ നിർദ്ദേശിച്ച് ഓഗസ്റ്റ് 11-ന് രണ്ടംഗ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ജസ്റ്റിസ് വിക്രം നാഥ്, ജസ്റ്റിസ് സന്ദീപ് മേത്ത, ജസ്റ്റിസ് എൻവി അഞ്ജരിയ എന്നിവരടങ്ങിയ ബെഞ്ചിന്റെതാണ് ഉത്തരവ്.

✪✪✪

കോഴിക്കോട് ചികിത്സയിൽ കഴിയുന്ന രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. അമീബിക് ജ്വരം ബാധിച്ച് മരിച്ച താമരശ്ശേരിയിലെ പെൺകുട്ടിയുടെ ഏഴ് വയസ്സുകാരൻ സഹോദരനും, ചേലേമ്പ്ര സ്വദേശിയായ 59കാരനുമാണ് രോഗ ലക്ഷണങ്ങളോടെ മെഡിക്കൽ കോളേജിൽ ചികിൽസയിൽ കഴിയുന്നത്. ഓമശ്ശേരി സ്വദേശിയായ മൂന്ന് വയസ്സുകാരിയായ കുട്ടിയും ചേളാരി സ്വദേശിയായ 11കാരനും അന്നശ്ശേരി സ്വദേശിയായ 49 കാരനും നിലവിൽ മെഡിക്കൽ കോളെജിൽ ചികിൽസയിലുണ്ട്.

✪✪✪

സുരക്ഷിത ജല ലഭ്യതയും ജലജന്യ രോഗപ്രതിരോധവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ സംസ്ഥാന വ്യാപകമായി ജലമാണ് ജീവൻ എന്ന പേരിൽ ജനകീയ തീവ്ര കർമപരിപാടി സംഘടിപ്പിക്കും. ആദ്യ ഘട്ടത്തിൽ ഈ മാസം 30, 31 തീയതികളിൽ സംസ്ഥാനത്തെ എല്ലാ കിണറുകളും ക്ലോറിനേറ്റ് ചെയ്യും.

അടുത്തമാസം 8 മുതൽ 30 വരെ പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾ വഴി ബോധവൽക്കരണം നടത്തും. ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹരിതകേരളം മിഷൻ സജ്ജമാക്കിയ ജലഗുണനിലവാര പരിശോധനാ സംവിധാനം കേന്ദ്രീകരിച്ച് വിപുലമായ പരിശോധനയും പരിഹാര പ്രവർത്തനങ്ങളും സംഘടിപ്പിക്കും. 20 മുതൽ നവംബർ ഒന്ന് വരെ മുഴുവൻ കുളങ്ങളിലും ജലസ്രോതസ്സുകളിലും ശുചീകരണവും നടത്തും.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 17-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരിതെളിയും. വൈകിട്ട് കൈരളി തിയേറ്ററിൽ മന്ത്രി സജി ചെറിയാൻ മേള ഉദ്ഘാടനം ചെയ്യും.

മേളയിൽ 52 രാജ്യങ്ങളിലെ മുന്നൂറോളം ചിത്രങ്ങൾ പ്രദർശിപ്പിക്കും. രാവിലെ 9.15 മുതൽ പ്രദർശനം ആരംഭിക്കും.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണ പ്രവൃത്തികൾക്ക് തുടക്കമായി. മൈസൂർ വൃന്ദവാൻ മാതൃകയിലായിരിക്കും ഉദ്യാന നവീകരണം.

കൂടുതൽ വിവരങ്ങളുമായി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

(വോയ്സ് .....................)

79 കോടിയോളം രൂപയുടെ നവീകരണ പ്രവർത്തികളാണ് ഉദ്യാനത്തിൽ നടപ്പാക്കുന്നത്.ജലസേചന വകുപ്പിന്റെ സഹകരണത്തോടെ നടക്കുന്ന നവീകരണം അടുത്ത വർഷം മാർച്ച് മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.നിലവിലെ രൂപകല്പനയിൽ മാറ്റം വരുത്തിയുള്ള നവീകരണ പ്രവൃത്തികളുടെ ചുമതല ഊരാളുങ്കൽ ലേബർ സഹകരണ സംഘത്തിനാണ്.മാലിന്യ സംസ്കരണ മിനി പ്ലാന്റ് പദ്ധതിയുടെ ഭാഗമായി നിർമിക്കും.മംഗോ ഗാർഡനും ഗവൺവേർഴ്സ് സീറ്റും നവീകരിക്കും.സംസ്ഥാനത്തെ പരമ്പരാഗത കലാരൂപങ്ങൾ പ്രദർശിപ്പിക്കാനുള്ള പ്രതേക വേദികളും ഒരുക്കുന്നുണ്ട്.സൗജന്യ വൈഫൈ സ്പോട്ടുകളും .സിസി.ടിവികളും സ്ഥാപിക്കും.ഉദ്യാനത്തിന് സമീപമായി കൂടുതൽ കാരവൻ പാർക്കുകളും ഒരുക്കുന്നുണ്ട്. ഓണാവധി കഴിയുന്നതോടെ നവീകരണ പ്രവർത്തികൾ ഊർജിതമാകും.

✪✪✪

ഇന്നലെ അന്തരിച്ച പീരുമേട് MLA വാഴൂർ സോമന്റെ മൃതദേഹം വൈകിട്ട് വാളാർഡിയിലെ പാമ്പനാർ സ്മൃതി മണ്ഡപത്തിന് സമീപം സംസ്കരിക്കും. പുലർച്ചെ പീരുമേട്ടിൽ എത്തിച്ച ഭൗതികദേഹം രാവിലെ 11 മുതൽ വണ്ടിപ്പെരിയാർ ടൗൺഹാളിൽ പൊതു ദർശനത്തിന് വെച്ചു.

വാഴൂർ സോമന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രി K രാജൻ ഉൾപ്പെടെ പ്രമുഖർ അനുശോചനം അറിയിച്ചു.

✪✪✪

134-ാമത് ഡ്യൂറണ്ട് കപ്പ് ട്രോഫി ഫുട്ബാൾ ഫൈനലിൽ നാളെ ഡയമണ്ട് ഹാർബർ FCയും നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FCയും ഏറ്റുമുട്ടും. കൊൽക്കത്തയിലാണ് മത്സരം.

✪✪✪

കേരള ക്രിക്കറ്റ് ലീഗിന്റെ രണ്ടാം സീസണിന്റെ രണ്ടാം ദിവസമായ ഇന്ന് രണ്ട് മത്സരങ്ങൾ നടത്തും.

ഉച്ചയ്ക്ക് 2.30ന് ആദ്യ മത്സരത്തിൽ ആലപ്പി റിപ്പിൾസ് തൃശൂർ ടൈറ്റൻസിനെ നേരിടും. വൈകിട്ട് 6.45ന് രണ്ടാം മത്സരത്തിൽ കൊല്ലം സെയിലേഴ്സും ട്രിവാൻഡ്രം റോയൽസും ഏറ്റുമുട്ടും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

✪✪✪

മന്ത്രി OR കേളു ഉച്ച കഴിഞ്ഞ് കാസർകോട് വിദ്യാനഗറിൽ കുടുംബശ്രീ ഗോത്ര കല ട്രൂപ്പ് രൂപീകരണവും ഡ്രോൺ പരിശീലനവും സർട്ടിഫിക്കറ്റ് വിതരണവും പുസ്തക പ്രകാശനവും മന്ത്രി ഉദ്ഘാടനം ചെയ്യും.

രാവിലെ പരപ്പ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

കാടാമ്പുഴ ഭഗവതീക്ഷേത്രത്തിലെ വികസന പ്രവൃത്തികൾ മന്ത്രി VN വാസവൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. ക്ഷേത്രത്തിലെ പ്രധാനവഴിപാടായ മുട്ടറുക്കലിന് വിശ്വാസികൾ മണിക്കൂറുകൾ വരിനിൽക്കുന്ന സാഹചര്യം ഒഴിവാക്കാൻ ക്യൂ കോംപ്ലക്സ് അടക്കം വിപുലമായ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ, MLA സ്ഥാനം രാജിവെക്കണമെന്ന് മഹിളാ മോർച്ച സംസ്ഥാന പ്രസിഡന്റ് നവ്യാ ഹരിദാസ് ആവശ്യപ്പെട്ടു. രാജിവെക്കുന്നത് വരെ വനിതകൾ ശക്തമായ പ്രതിഷേധ സമരങ്ങളുമായി തെരുവിലിറങ്ങുമെന്നും അവർ കോഴിക്കോട്ട് പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

കോഴിക്കോട്ടെ ഓണം വാരാഘോഷത്തിന്റെ ഭാഗമായി മെഗാ പൂക്കളമത്സരത്തിന്റെ പോസ്റ്റർ എഴുത്തുകാരൻ ബെന്യാമൻ പ്രകാശനം ചെയ്തു. ഈ വർഷത്തെ ഓണം വാരാഘോഷം ‘മാവേലിക്കസ് 2025‘ പൂക്കള മത്സരത്തോടെയാണ് ആരംഭിക്കുന്നത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRTs: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*